**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 555** **13-01-2021 - ൽ മറുപടിയ്ക്ക്**

**കെൽട്രോണിലെ സ്ഥിരനിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | | Shri E. P. Jayarajan<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന് കീഴിലുള്ള കെൽട്രോണിൽ പത്ത് വർഷത്തിലധികമായി സേവനത്തിലുള്ള ഉദ്യോഗസ്ഥരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് 31.12.2020-ലെ ക്യാബിനറ്റ് യോഗത്തിൽ തീരുമാനം എടുത്തിരുന്നോ; വിശദവിവരം ലഭ്യമാക്കാമോ; | (എ) | കെൽട്രോണിൽ പത്ത് വർഷത്തിലധികമായി സേവനത്തിലുള്ള ഉദ്യോഗസ്ഥരെ സ്ഥിരപ്പെടുത്തി-ക്കൊണ്ട് 03.01.2021 ലെ GO(Ms)No.4/2021/ID നമ്പർ ഉത്തരവ് പ്രകാരം തീരുമാനമായിട്ടുണ്ട് (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു). |
| (ബി) | പ്രസ്തുത തീരുമാനപ്രകാരം സ്ഥിരനിയമനം ലഭിക്കുന്നവർ എത്രയാണെന്നും, ഏതൊക്കെ തസ്തികകളിലാണ് നിയമനം ലഭിക്കുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | മേൽ പറഞ്ഞ ഉത്തരവ് പ്രകാരം 296 പേർക്കാണ് വിവിധ തസ്തികകളിൽ നിയമനം നൽകുവാൻ തീരുമാനമായിട്ടുള്ളത്. എൻജിനീയർ, ടെക്നിക്കൽ അസിസ്റ്റന്റ്, ഡെപ്യൂട്ടി ഫിനാൻസ് ഓഫീസർ, ഓഫീസർ, ഓപ്പറേറ്റർ (എസ്.എസ്.എൽ.സി), ഓപ്പറേറ്റർ (ഐ.റ്റി.ഐ),സർവ്വീസ് ടെക്നീഷ്യൻIV, ഹെൽപ്പർ എന്നീ തസ്തികകളിലാണ് ഇവരെ സ്ഥിരപ്പെടുത്തിയത്. |
| (സി) | ഇപ്രകാരമുള്ള സ്ഥിരപ്പെടുത്തലിന് നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ (ഏത് തീയതി മുതൽ സേവനത്തിലുള്ളവർ തുടങ്ങി) എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) | 31.08.2019തീയതി പ്രകാരം 10 വർഷം പൂർത്തിയാക്കിയ കരാർ / കാഷ്വൽ ജീവനക്കാരെയാണ് കെൽട്രോണിൽ സ്ഥിരപ്പെടുത്തലിനായി പരിഗണിച്ചത്. |

സെക്ഷൻ ഓഫീസർ